എ.വൈ.ആർ

പക്ഷികളെ സന്ദേശവാഹകരായി ഉപയോഗിക്കുന്ന സമ്പ്രദായം അതിപുരാതന കാലം മുതലേ ഉണ്ടായിരുന്നു. നൂഹ് നബിയും കൂട്ടരും കപ്പലിലായിരിക്കെ താഴ്വരയിൽ വെള്ളം താണുവോ എന്നറിയാൻ കപ്പലിലുണ്ടായിരുന്ന പക്ഷികളെ പറത്തിയതായി ബൈബിൾ പറയുന്നുണ്ട്. അവസാനം ഒരു പ്രാവ് ഒരു ഒലീവു ചില്ലയുമായി തിരിച്ചു വന്നപ്പോഴാണ് വെള്ളം താണുവെന്ന് ഗണിച്ച് അവർ കപ്പലിറങ്ങിയത്.



أَلَّا يَسْجُدُوا لِلَّهِ الَّذِي يُخْرِجُ الْخَبْءَ فِي السَّمَاوَاتِ وَالْأَرْضِ وَيَعْلَمُ مَا تُخْفُونَ وَمَا تُعْلِنُونَ ﴿٢٥﴾

25. അവർ അല്ലാഹുവിനു പ്രണാമം ചെയ്യാൻ; അവനാകുന്നു വാനലോകത്തും ഭൂമിയിലും മറഞ്ഞുകിടക്കുന്നത് പുറത്തുകൊണ്ടുവരുന്നത്, നിങ്ങൾ ഒളിച്ചുവെക്കുന്നതും വെളിപ്പെടുത്തുന്നതുമായ സംഗതികളൊക്കെയും അറിയുന്നതും.

اللَّهُ لَا إِلَٰهَ إِلَّا هُوَ رَبُّ الْعَرْشِ الْعَظِيمِ ۩ ﴿٢٦﴾

26. അല്ലാഹുവല്ലാതെ ദൈവമേതുമില്ല. അവനാകുന്നു മഹാസിംഹാസനത്തിനുടയവൻ.

**25,26**

أَلَّا يَسْجُدُوا لِلَّهِ = അവർ അല്ലാഹുവിന് പ്രണാമം ചെയ്യാൻ

لَّذِي يُخْرِجُ = പുറത്തുകൊണ്ടുവരുന്നവനായ (വരുന്നത് അവനാകുന്നു)

الْخَبْءَ فِي السَّمَاوَاتِ وَالْأَرْضِ = വാനലോകത്തും ഭൂമിയിലും മറഞ്ഞുകിടക്കുന്നത്

وَيَعْلَمُ = അവൻ അറിയുന്നു(ന്നതും അവനാകുന്നു) مَا تُخْفُونَ = നിങ്ങൾ ഒളിച്ചുവെക്കുന്നത്

وَمَا تُعْلِنُونَ = നിങ്ങൾ വെളിപ്പെടുത്തുന്നതും اللَّهُ لَا إِلَٰهَ إِلَّا هُوَ = അല്ലാഹു, അവനല്ലാതെ ദൈവം ഏതും ഇല്ല

رَبُّ الْعَرْشِ الْعَظِيمِ = (അവനാകുന്നു) മഹാസിംഹാസനത്തിനുടയവൻ

ഈ രണ്ടു സൂക്തങ്ങളും മരംകൊത്തിയുടെ ഭാഷണത്തിന്റെ ഭാഗമായിട്ടാണ് ചില വ്യാഖ്യാതാക്കൾ കരുതുന്നതെങ്കിലും മരംകൊത്തിയുടെ ഭാഷണത്തിനനുബന്ധമായി അല്ലാഹു പ്രസ്താവിക്കുന്നതാകുന്നു എന്ന അഭിപ്രായമാണ് കൂടുതൽ പ്രബലമായിട്ടുള്ളത്. ഇത്തരം അനുബന്ധങ്ങളുടെ പല ഉദാഹരണങ്ങൾ നേരത്തേ വന്നിട്ടുള്ളതാണ്. فَصَدَّهُمْ عَنِ السَّبِيلِ فَهُمْ لَا يَهْتَدُونَ എന്ന വാക്യത്തിന് ഇങ്ങനെയൊരനുബന്ധം നൽകിയതിലൂടെ ഭാഷണത്തെ പൂർണമായും സന്ദർഭോചിതമാക്കിയിരിക്കുകയാണ്.

أَلَّا يَسْجُدُوا -ന്റെ അസൽരൂപം أن لا يَسْجُدُوا എന്നാണെന്നും هَلَّا എന്നാണെന്നും രണ്ടഭിപ്രായമുണ്ട്. അസൽ രൂപം أن لا എന്നാകുമ്പോൾ അതിലെ 'ലാ' അധിക ശബ്ദം -زائدة- യാണ്. أن ലെ നൂനിനെ *ലാമിൽ* ലയിപ്പിച്ചപ്പോൾ *ലാമി*ന് ദ്വിത്വം വന്നു. മുൻ സൂക്തത്തിലെ لَا يَهْتَدُونَ -ന്റെ പൂരകമാണത്. അവർ സന്മാർഗം പ്രാപിക്കുന്നില്ല- അല്ലാഹുവിന് സുജൂദ് ചെയ്യാൻ എന്നാണ് താൽപര്യം. ഇങ്ങനെ 'ലാ' ശബ്ദം അധികരിപ്പിക്കുന്ന ശൈലി അറബി ഭാഷയിലുണ്ട്. ഖുർആൻ ചിലയിടത്ത് പ്രയോഗിച്ചിട്ടുമുണ്ട്. ഉദാ: لِئَلَّا يَعْلَمَ أَهْلُ الْكِتَابِ (വേദക്കാർ അറിയുന്നതിന് -57:29). أَلَّا -യുടെ അസൽ هلّا ആണെങ്കിൽ അതൊരു വിളിയും വിളംബരവുമാണ്. يَسْجُدُوا -വിലെ ياء വിളി (نداء) യെ സൂചിപ്പിക്കുന്ന ശബ്ദമാണ്. വിളിസൂചകമായ ياء -നെ ക്രിയയോട് ബന്ധിപ്പിക്കുന്ന ശൈലി അപൂർവമാണെങ്കിലും

ഭാഷയിൽ അംഗീകരിക്കപ്പെട്ടതാണ്. കവി ذى الرّمة യുടെ ألا ياسلمي يادارمي على البلى എന്ന വരി ഉദാഹരണം. ആദ്യം പറഞ്ഞതാണ് കൂടുതൽ സ്വീകാര്യമായ വീക്ഷണം.

خَبأ യുടെ ക്രിയാമൂലം -مصدر- ആണ് خبأ. ഇവിടെ മറയ്ക്കപ്പെട്ടത് എന്ന അർഥത്തിലാണ് ഉപയോഗിച്ചിരിക്കുന്നത്. വാനലോകത്ത് അദൃശ്യമായിരിക്കുന്ന മഴ, മഞ്ഞ്, നക്ഷത്രങ്ങൾ തുടങ്ങിയവയും മണ്ണിനടിയിൽ മറഞ്ഞു കിടക്കുന്ന വിത്തുകൾ, ചെടികൾ, ചെടികളിലൊളിഞ്ഞിരിക്കുന്ന ധാന്യങ്ങൾ, ഫലങ്ങൾ തുടങ്ങിയവയും മനുഷ്യനുപകാരപ്പെടുംവണ്ണം വെളിപ്പെടുത്തുന്നതിനെയാണ് സൂചിപ്പിക്കുന്നത്. രാത്രിയിൽ മറയ്ക്കപ്പെടുന്ന സൂര്യനെ പകലും പകൽ മറയ്ക്കപ്പെടുന്ന ചന്ദ്രനെയും നക്ഷത്രങ്ങളെയും രാത്രിയും പ്രത്യക്ഷപ്പെടുത്തുന്നതും അവനാകുന്നു. ഈ ജനം മനസ്സിലൊളിപ്പിച്ചിരിക്കുന്നതും പരസ്യമാക്കുന്നതും ഒരുപോലെ അറിയുന്നവനുമാണവൻ. യഥാർഥത്തിൽ വാനലോകങ്ങളെയും ഭൂമിയെയും സമഗ്രമായി ഉൾക്കൊള്ളുന്ന മഹാസിംഹാസനത്തിനുടയവൻ അല്ലാഹു മാത്രമാകുന്നു. അവനല്ലാതെ അവയിലൊന്നും അധികാരമുള്ള ഒരു ദൈവവുമില്ല. അവന്റെ സിംഹാസനത്തോട് താരതമ്യമുള്ള മറ്റൊരു സിംഹാസനവുമില്ല. അങ്ങനെയുള്ള സാക്ഷാൽ ദൈവത്തെ ഉപേക്ഷിച്ച് ഉപകാരമോ ഉപദ്രവമോ ചെയ്യാനാവാത്ത, ഭൂമിയിലോ ആകാശത്തോ ഒരധികാരവുമില്ലാത്ത സൂര്യനെപ്പോലുള്ള സൃഷ്ടികളെ പൂജിക്കുന്ന സബഇകളുടെ നിലപാട് എത്ര മൂഢം! ഈ സൂക്തങ്ങൾ പാരായണം ചെയ്യുമ്പോൾ സുജൂദുത്തിലാവഃ ചെയ്യണമെന്ന് നിർദേശിക്കപ്പെട്ടിരിക്കുന്നു. ■

---

قَالَ سَنَنظُرُ أَصَدَقْتَ أَمْ كُنتَ مِنَ الْكَاذِبِينَ ﴿٢٧﴾

27. സുലൈമാൻ പ്രസ്താവിച്ചു: നീ പറയുന്നത് സത്യമാണോ അതല്ല കള്ളമാണോ എന്ന് നാം ഉടനെ പരിശോധിക്കുന്നുണ്ട്.

اذْهَب بِّكِتَابِي هَٰذَا فَأَلْقِهْ إِلَيْهِمْ ثُمَّ تَوَلَّ عَنْهُمْ فَانظُرْ مَاذَا يَرْجِعُونَ ﴿٢٨﴾

28. എന്റെ ഈ ലിഖിതവുമായി പോവുക. എന്നിട്ട് അത് സബഇകൾക്ക് ഇട്ടുകൊടുക്കുക. പിന്നെ അവരിൽനിന്ന് പിന്മാറിനിന്ന് അവരുടെ പ്രതികരണമെന്തെന്ന് നിരീക്ഷിക്കുക.

**27,28**

قَالَ = അദ്ദേഹം പറഞ്ഞു (സുലൈമാൻ പ്രസ്താവിച്ചു) سَنَنظُرُ = നാം ഉടനെ നോക്കുന്നു (പരിശോധിക്കുന്നുണ്ട്)

أَصَدَقْتَ = നീ സത്യം പറഞ്ഞുവോ (പറയുന്നത് സത്യമാണോ)

أَمْ كُنتَ مِنَ الْكَاذِبِينَ = അതല്ല (കള്ളം ആണോ) നീ കള്ളം പറയുന്നവരിൽപെട്ടവനോ (എന്ന്)

اذْهَب = നീ പോവുക بِّكِتَابِي هَٰذَا = എന്റെ ഈ ലിഖിതവുമായിട്ട്

فَأَلْقِهْ = എന്നിട്ട് അത് ഇട്ടുകൊടുക്കുക إِلَيْهِمْ = അവരിലേക്ക് (സബഇകൾക്ക്)

ثُمَّ تَوَلَّ عَنْهُمْ = പിന്നെ അവരിൽനിന്ന് പിന്മാറി നി(ന്ന്)ൽക്കുക فَانظُرْ = എന്നിട്ട് നോക്കുക (നിരീക്ഷിക്കുക)

مَاذَا يَرْجِعُونَ = അവർ മടങ്ങുന്നത് എന്തെന്ന് (അവരുടെ പ്രതികരണമെന്തെന്ന്)

മരംകൊത്തിയുടെ വർത്തമാനം കേട്ട സുലൈമാൻ നബി പറയുകയാണ്: നീ ഇപ്പറഞ്ഞത് സത്യമാണോ കളവാണോ എന്ന് നാം ഉടനെ പരിശോധിക്കുന്നുണ്ട്. ഞാൻ ഒരു ലിഖിതം എഴുതിത്തരാം. അതു കൊണ്ടുപോയി അവർക്ക് ഇട്ടുകൊടുക്കുക. എന്നിട്ട് മാറിനിന്ന് അവരുടെ പ്രതികരണങ്ങളെന്തെന്ന് നിരീക്ഷിക്കുക. നീ പറഞ്ഞത് സത്യമാണെങ്കിൽ എന്തെങ്കിലും പ്രതികരണം ഉണ്ടാവാതിരിക്കുകയില്ല. സബഇകളുടെ കാര്യം നേരത്തേ സുലൈമാൻ നബിയുടെ പരിഗണനയിലുണ്ടായിരുന്നുവെന്നാണിതു സൂചിപ്പിക്കുന്നത്. ഒരു പക്ഷേ, അതുകൊണ്ടു തന്നെയാവാം മരംകൊത്തി അവിടത്തെ സ്ഥിതിഗതികളന്വേഷിക്കാൻ പ്രേരിതമായതും. നേരത്തേ അവരെക്കുറിച്ച് യാതൊരു ധാരണയും ഇല്ലായിരുന്നുവെങ്കിൽ സുലൈമാൻ നബി ഒരു പക്ഷിയുടെ വാക്ക് സത്യമോ നുണയോ എന്നു പരിശോധിക്കാൻ മാത്രമായി അന്ത്യശാസനത്തിന്റെ സ്വഭാവത്തിലുള്ള ഒരു കത്തെഴുതാനുള്ള സാധ്യത വിരളമാണ്. കത്ത് അന്ത്യശാസനം തന്നെയായിരുന്നുവെന്ന് തുടർന്ന് പറയുന്ന അതിന്റെ ഉള്ളടക്കത്തിൽനിന്ന് വ്യക്തമാകുന്നുണ്ട്.

تَوَلَّ عَنْهُمْ فَانظُرْ - മാറിനിന്ന് പ്രതികരണം വീക്ഷിക്ക- എന്ന വാക്യത്തിന്റെ താൽപര്യം, കത്ത് മുന്നിലിട്ടുകൊടുത്ത് ഉടനെ തിരിച്ചുപോരാതെ അവരുടെ പ്രതികരണമെന്തെന്നു നിരീക്ഷിച്ചേ വരാവൂ എന്നാണ്; സ്വതന്ത്രമായി കത്തിനെ കുറിച്ച് രാജസഭക്ക് തുറന്നു ചർച്ച ചെയ്യാൻ സാവകാശം കിട്ടുന്നതിനുവേണ്ടി പക്ഷിയോട് പിന്മാറി നിൽക്കാൻ കൽപിക്കുകയാണെന്നും ചിലർ വ്യാഖ്യാനിച്ചിരിക്കുന്നു. അന്യരാജ്യത്തിന്റെ പ്രതിനിധിയുടെ സാന്നിധ്യത്തിൽ സ്വന്തം കാര്യങ്ങൾ ചർച്ച ചെയ്യുന്നത് രാജ്യതന്ത്രജ്ഞതക്ക് ചേർന്നതല്ലല്ലോ. മരംകൊത്തി സുലൈമാൻ നബിയുടെ സന്ദേശവാഹകനാണെന്നതു ശരിതന്നെ. പക്ഷേ, ആ പക്ഷിയുമായി ആശയവിനിമയം ചെയ്യാനുള്ള കഴിവ് സുലൈമാൻ നബിക്കു മാത്രമേയുള്ളൂ. മറ്റുള്ളവർ

ക്ക് അതുമായി സംസാരിക്കാനോ അതിന്റെ സംസാരവും ചലനങ്ങളും ഗ്രഹിക്കാനോ കഴിയില്ല. സുലൈമാൻ നബി അതുമായി ആശയവിനിമയം ചെയ്യുന്ന കാര്യവും സബഅ് സഭക്കറിയില്ല. ഈ വസ്തുതകൾ പരിഗണിക്കുമ്പോൾ ഈ വ്യാഖ്യാനം ദുർബലമാകുന്നു.

جنود الطّير- പക്ഷിപ്പടയെ വേഗമേറിയ അശ്വസൈന്യമായി വ്യാഖ്യാനിക്കുന്നവർ മരംകൊത്തിയെ (هدهد) ആ സൈന്യത്തിലെ ഒരു ഭടനായോ ഓഫീസറായോ വ്യാഖ്യാനിക്കുന്നു. الطّير -നെ മനുഷ്യരായ കുതിരപ്പടയാളികളായി വ്യാഖ്യാനിക്കുന്നതിലെ ദൗർബല്യം നേരത്തേ വിശദമാക്കിയിട്ടുണ്ട്. എന്നാൽ മരംകൊത്തിയുടെ കഥാകഥനത്തിലും അതിനെ മനുഷ്യനായി വ്യാഖ്യാനിക്കുന്നതിനെ ദുർബലപ്പെടുത്തുന്ന പല ഘടകങ്ങളുണ്ട്. സുലൈമാൻ നബി പരിശോധിക്കുന്നത് الطّير- പക്ഷികളെയാണ്. അന്വേഷിക്കുന്നത് മരംകൊത്തിയെയാണ്. അത് അച്ചടക്കം ലംഘിച്ചിട്ടുണ്ടെങ്കിൽ ശിക്ഷിക്കുകയോ അറുത്തുകളയുകയോ ചെയ്യുമെന്നും പറയുന്നു. ഹുദ്ഹുദ് മനുഷ്യനാണെങ്കിൽ അതിനെ ഞാൻ അറുത്തുകളയും - لَأَذْبَحَنَّهُ- എന്നല്ല ഞാൻ കൊന്നുകളയും - لَأَقْتُلَنَّهُ- എന്നാണ് പറയേണ്ടിയിരുന്നത്. സുലൈമാൻ നബി പ്രമുഖമായ മറ്റൊരു രാജ്യത്തെ രാജാവിനുള്ള കത്ത് ദൂതൻവശം ഏൽപിച്ചുകൊണ്ട് പറയുന്നത് ഇത് കൊണ്ടുപോയി അവർക്ക് എറിഞ്ഞുകൊടുക്കുക - فَأَلْقِهْ إِلَيْهِمْ - എന്നാണ്. രാജാക്കന്മാരുടെ കാര്യമിരിക്കട്ടെ, സംസ്കാരസമ്പന്നനായ ഒരാൾ സമശീർഷനായ മറ്റൊരാൾക്ക് ദൂതൻവശം കത്ത് കൊടുക്കുമ്പോൾ ഇതുകൊണ്ടുപോയി അയാൾക്കെറിഞ്ഞുകൊടുക്കുക എന്നാണോ പറയുക?! യഥാർഥത്തിൽ ഖുർആനിന്റെ ചില ഭാഗങ്ങളാണ് അവർ നിഷേധിക്കുന്നത്. ആ നിഷേധം മറച്ചുവെക്കാൻ ശ്രമിക്കുമ്പോഴാണ് ഇത്തരം വ്യാഖ്യാനക്കസർത്തുകൾക്ക് നിർബന്ധിതരാകുന്നത്. പ്രവാചകന്മാർക്ക് അല്ലാഹു നൽകുമെന്ന് ഖുർആൻ പറയുന്ന അമാനുഷ ദൃഷ്ടാന്തങ്ങളി(الآيات والمعجزات)ൽ വിശ്വസിക്കുന്ന സാമാന്യ മുസ്‌ലിംകൾക്ക് സുലൈമാൻ നബി പക്ഷികളോട് സംസാരിക്കുന്നതും അവയെ സേവനങ്ങൾക്ക് ഉപയോഗിക്കുന്നതും ഉൾക്കൊള്ളാൻ പ്രയാസമൊന്നുമില്ല. പക്ഷികളെ സന്ദേശവാഹകരായി ഉപയോഗിക്കുന്ന സമ്പ്രദായം അതിപുരാതന കാലം മുതലേ ഉണ്ടായിരുന്നു. നൂഹ് നബിയും കൂട്ടരും കപ്പലിലായിരിക്കെ താഴ്‌വരയിൽ വെള്ളം താണുവോ എന്നറിയാൻ കപ്പലിലുണ്ടായിരുന്ന പക്ഷികളെ പറത്തിയതായി ബൈബിൾ പറയുന്നുണ്ട്. അവസാനം ഒരു പ്രാവ് ഒരു ഒലീവു ചില്ലയുമായി തിരിച്ചുവന്നപ്പോഴാണ് വെള്ളം താണുവെന്ന് ഗണിച്ച് അവർ കപ്പലിറങ്ങിയത്.

സുലൈമാൻ നബിയുടെ കഥ ബൈബിൾ വിസ്തരിച്ചു പറയുന്നുണ്ട്. പക്ഷേ, അദ്ദേഹത്തിന് ജിന്നുകളുടെയും പക്ഷികളുടെയും സൈന്യങ്ങളുണ്ടായിരുന്നതും മരംകൊത്തിയുമായി ബന്ധപ്പെട്ട സംഭവവും അതിൽ പരാമർശിക്കുന്നില്ല. അവസാനകാലത്ത് نعوذ بالله- സുലൈമാൻ നബി സ്ത്രീജിതനും വിഗ്രഹപൂജകനുമായി മാറി എന്നാണ് ബൈബിൾ പറയുന്നത്. ■

---

قَالَتْ يَا أَيُّهَا الْمَلَأُ إِنِّي أُلْقِيَ إِلَيَّ كِتَابٌ كَرِيمٌ ﴿٢٩﴾

29. രാജ്ഞി പ്രസ്താവിച്ചു: അല്ലയോ ജനപ്രമാണികളേ, ഗുരുതരമായ ഒരു ലിഖിതം എന്നിലേക്കെറിയപ്പെട്ടിരിക്കുന്നു.

إِنَّهُ مِن سُلَيْمَانَ وَإِنَّهُ بِسْمِ اللَّهِ الرَّحْمَٰنِ الرَّحِيمِ ﴿٣٠﴾

30. അതു സുലൈമാനിൽനിന്നുള്ളതാകുന്നു. പരമദയാലുവും കരുണാമയനുമായ അല്ലാഹുവിന്റെ നാമത്തിൽ ആരംഭിക്കുന്നതുമാകുന്നു.

أَلَّا تَعْلُوا عَلَيَّ وَأْتُونِي مُسْلِمِينَ ﴿٣١﴾

31. എനിക്കെതിരെ ധിക്കാരമരുത്. വിധേയത്വമുള്ളവരായി എന്റെ മുന്നിൽ വന്നെത്തുവിൻ എന്നത്രെ അതിലുള്ള സന്ദേശം.

**29-31**

قَالَتْ = അവൾ (രാജ്ഞി) പ്രസ്താവിച്ചു يَا أَيُّهَا الْمَلَأُ = അല്ലയോ (ജന) പ്രമാണികളേ

إِنِّي أُلْقِيَ إِلَيَّ = തീർച്ചയായും എന്നിലേക്കെറിയപ്പെട്ടിരിക്കുന്നു

كِتَابٌ كَرِيمٌ = ആദരണീയ(ഗുരുതര)മായ ഒരു ലിഖിതം إِنَّهُ مِن سُلَيْمَانَ= അതു സുലൈമാനിൽനിന്നുള്ളതാകുന്നു

وَإِنَّهُ بِسْمِ اللَّهِ الرَّحْمَٰنِ الرَّحِيمِ = അത് പരമദയാലുവും കരുണാമയനുമായ അല്ലാഹുവിന്റെ നാമത്തിൽ ആരംഭിക്കുന്നതുമാകുന്നു

أَلَّا تَعْلُوا عَلَيَّ= നിങ്ങൾ എന്റെ മേൽ പൊങ്ങരുത് (എനിക്കെതിരെ ധിക്കാരമരുത്)

وَأْتُونِي = എന്റെ മുന്നിൽ വന്നെത്തുവിൻ (എന്നത്രെ അതിലുള്ള സന്ദേശം)

مُسْلِمِينَ = മുസ്‌ലിംകളായി, വിധേയത്വമുള്ളവരായി

മരംകൊത്തി പക്ഷി സബഇൽ പറന്നെത്തി, സുലൈമാൻ നബി എഴുതിക്കൊടുത്ത കത്ത് ബിൽഖീസ് രാജ്ഞിയുടെ മുന്നിൽ എറിഞ്ഞുകൊടുത്തു. കത്ത് വായിച്ച രാജ്ഞിയുടെ പ്രതികരണമാണ് തുടർന്ന് പറയുന്നത്. അവർ നാട്ടുപ്രമാണിമാരെ വിളിച്ചുകൂട്ടി വിവരമറിയിച്ചു. مَلَأ-ന്റെ അർഥം നേരത്തേ 2: 246, 11: 27 സൂക്തങ്ങൾക്കു താഴെ വിശദീകരി

ക്കപ്പെട്ടിരിക്കുന്നു. ഇവിടെ ഉദ്ദേശ്യം സാധാരണ നാട്ടുപ്രമാണിമാരാവാം. രാജസഭയിൽ ഹാജരായി രാജ്യകാര്യങ്ങൾ ചർച്ച ചെയ്യാനും തീരുമാനങ്ങളെടുക്കുന്നതിൽ രാജാവിനെ സഹായിക്കാനും നിയുക്തരായ ജനപ്രതിനിധികളുമാകാം. കത്ത് തന്നിലേക്ക് എറിയപ്പെട്ടു എന്ന രാജ്ഞിയുടെ പ്രസ്താവന, അതു കൊണ്ടുവന്ന ഹുദ്ഹുദ് (മരംകൊത്തി) പക്ഷി തന്നെയായിരുന്നു എന്ന കാര്യം ദൃഢീകരിക്കുന്നു. ആ കത്ത് ഒരു പക്ഷി കൊണ്ടുവന്നതിൽ രാജ്ഞി അത്ഭുതപ്പെടാതിരിക്കുന്നതിൽ അസ്വാഭാവികതയില്ല. പുരാതന കാലത്ത് രാജാക്കന്മാരും മറ്റും പക്ഷികൾ വഴി സന്ദേശങ്ങളയക്കുക സാധാരണമായിരുന്നു. ഗുരുതരമായതും ആദരണീയമായതും ഉന്നതമായതും كَرِيم ആകുന്നു. ഇവിടെ ഈ അർഥങ്ങളെല്ലാം ഉദ്ദേശിക്കുന്നതിൽ അസാംഗത്യമില്ല. എങ്ങുനിന്നോ കാറ്റിൽ പറന്നുവന്ന, അല്ലെങ്കിൽ ഏതോ പക്ഷി കൊണ്ടുവന്നിട്ട കടിതം എന്ന നിലയിൽ ലാഘവത്തോടെയോ അവഗണനയോടെയോ അല്ല അവരതിനെ സമീപിച്ചതെന്നു താൽപര്യം. കത്തിനെ ഗൗരവത്തോടെ കാണാനുള്ള കാരണമാണ് إِنَّهُ مِنْ........ مُسْلِمِينَ എന്ന വാക്യത്തിൽ പറയുന്നത്. ഇതാണ് കത്തിന്റെ ഉള്ളടക്കം. പൂർവകാലത്ത് രാജാക്കന്മാരുടെയും മറ്റും കത്തുകൾ വളരെ ഹ്രസ്വമായിരുന്നു. മുഹമ്മദ് നബി(സ) മറ്റു ഭരണാധികാരികൾക്കെഴുതിയ കത്തുകൾ ഉദാഹരണങ്ങളാകുന്നു. ഉള്ളടക്കത്തിലേക്ക് കടക്കും മുമ്പ് ആര് ആർക്ക് എഴുതുന്നതെന്ന് വ്യക്തമാക്കിയിരിക്കും. ഒടുവിൽ രാജമുദ്രയും ഉണ്ടായിരിക്കും. അല്ലെങ്കിൽ അത് സുലൈമാൻ നബിയിൽനിന്നാണെന്ന് രാജ്ഞി തിരിച്ചറിയില്ലല്ലോ. സുലൈമാനിൽനിന്നുള്ളത് എന്നു മാത്രം കത്തിന്റെ കർത്താവിനെ പരിചയപ്പെടുത്തുന്നത് രാജ്ഞിക്കും സഭക്കും നേരത്തേ ധാരണയുണ്ടായിരുന്നുവെന്ന് സൂചിപ്പിക്കുന്നു. തന്റെ സമകാലീനനും തന്നേക്കാൾ പ്രതാപിയും പ്രശസ്തനുമായ, അയൽ രാജാവിനെക്കുറിച്ച് അവർ തീരെ അജ്ഞയായിരിക്കുകയില്ല. അതുകൊണ്ട് സുലൈമാനിൽനിന്നുള്ളതാകുന്നു എന്നതുതന്നെ ആ കത്തിന് ഗൗരവവും ആദരണീയതയുമണക്കുന്നു. 'ബിസ്മില്ലാഹിർറഹ്മാനിർറഹീം' എന്ന വാക്യത്തിൽ ആരംഭിക്കുന്നുവെന്നത് അതിന്റെ സവിശേഷതയാണ്. വിഗ്രഹാരാധക സമുദായങ്ങൾ അല്ലാഹുവിന്റെ നാമം കൊണ്ട് കത്തുകളാരംഭിക്കുകയില്ല. ദൈവനാമം സ്മരിക്കുകയാണെങ്കിൽ അത് അവരവർ ആരാധിക്കുന്ന ദൈവത്തിന്റെ നാമമായിരിക്കും. സുലൈമാൻ നബിയുടെ കത്തിലെ ബിസ്മി കത്തിന്റെ പ്രധാന സന്ദേശം കൂടിയാണ്. കത്തിലെ പ്രബോധനാംശമായി ഇതിനെ കാണാം. أَلَّا تَعْلُوا...... مُسْلِمِينَ ആണ് രണ്ടാമത്തെ സന്ദേശം. എന്നെ ധിക്കരിക്കാതെ മുസ്‌ലിംകളായി എന്റെ മുന്നിൽ വരിക എന്നാണത്. ഇവിടെ മുസ്‌ലിംകളായി എന്ന വാക്ക് ഉപയോഗിച്ചത് 'ദീനുൽ ഇസ്‌ലാം സ്വീകരിച്ചവരായി' എന്ന അതിന്റെ സാങ്കേതികാർഥത്തിലാവാം. വിധേയത്വമുള്ളവരായി എന്ന ഭാഷാർഥത്തിലുമാകാം. രണ്ടും ഒന്നിച്ചു ഉദ്ദേശിക്കപ്പെടാവുന്നതുമാണ്. എന്നോട് വിധേയത്വം സ്വീകരിച്ചവരായി, അഥവാ എന്റെ മേൽക്കോയ്മ അംഗീകരിച്ചവരായി എന്ന ആശയമാണ് എന്നെ ധിക്കരിക്കാതിരിക്കുക അല്ലെങ്കിൽ എന്നേക്കാൾ പൊങ്ങാതിരിക്കുക -أَلَّا تَعْلُوا عَلَيَّ- എന്ന വാക്യത്തിന്റെ പശ്ചാത്തലത്തിൽ കൂടുതൽ സന്ദർഭോചിതം. ചുറ്റുപാടുമുള്ള പല രാജാക്കന്മാരും സ്വമേധയാ സുലൈമാൻ നബിയുടെ സാമന്തന്മാരായിരുന്നു. സ്വമേധയാ അദ്ദേഹത്തിന്റെ മേൽക്കോയ്മ സ്വീകരിക്കാത്തവരെ ബലം പ്രയോഗിച്ച് വിധേയരാക്കിയതായി ബൈബിൾ പറയുന്നുണ്ട്. സത്യനിഷേധത്തിന്റെയും ബഹുദൈവ വിശ്വാസത്തിന്റെയും അധികാര വ്യവസ്ഥ ഭൂമിയിലെ ഏറ്റവും വലിയ നാശമാണെന്നും അതിനെ അതിജയിക്കേണ്ടത് സത്യവാഹകരുടെ കടമയാണെന്നുമുള്ള നിലപാടായിരുന്നു ഈ നടപടിക്കടിസ്ഥാനം. ഇതനുസരിച്ച് സ്വമേധയാ തന്റെ മേൽക്കോയ്മ സ്വീകരിക്കണമെന്നും ധിക്കാരം കൈക്കൊള്ളരുതെന്നും അങ്ങനെ അവർക്കെതിരെ സൈനിക നടപടി ഒഴിവാക്കണമെന്നും അദ്ദേഹം സബഉകാരോടും ആവശ്യപ്പെട്ടു. ഇസ്‌ലാം സ്വീകരിച്ചവരായി എന്റെ മുന്നിൽ വരുവിൻ, ഇല്ലെങ്കിൽ യുദ്ധത്തിനൊരുങ്ങിക്കൊള്ളുവിൻ എന്ന് പ്രവാചകന്മാരോ ഇസ്‌ലാമിക രാജാക്കന്മാരോ ആരോടും പറയുകയില്ല. ഇസ്‌ലാം ആർക്കും അതിനധികാരം നൽകിയിട്ടുമില്ല. വിശ്വസിക്കലും നിഷേധിക്കലും വ്യക്തിയുടെ സ്വാതന്ത്ര്യമാണ്. എന്നാൽ, അസത്യത്തിലധിഷ്ഠിതവും ദൈവധിക്കാരപരവുമായ അധികാര വ്യവസ്ഥകളെ ചോദ്യം ചെയ്യാനും പരിവർത്തിപ്പിക്കുന്നതിനുവേണ്ടി പരിശ്രമിക്കാനും സത്യത്തിന്റെ വാഹകർക്ക് ബാധ്യതയുണ്ട്. ജനാധിപത്യപരമായ വിപ്ലവങ്ങളും സമരരൂപങ്ങളും അപ്രായോഗികമായിരുന്ന അക്കാലത്ത് ധാർമികാധികാരമുള്ള ശക്തികളുടെ ബലപ്രയോഗം തന്നെയായിരുന്നു അതിനുള്ള മാർഗം.

നല്ല കാര്യങ്ങൾ 'ബിസ്മി' കൊണ്ട് തുടങ്ങുന്നതിന്റെ പുണ്യവും പ്രാധാന്യവും *ഖുർആൻ ബോധന*ത്തിന്റെ പ്രാരംഭത്തിൽ (ഒന്നാം വാല്യം പേജ് 16) വിശദീകരിച്ചിട്ടുണ്ട്. അല്ലാഹുവിന്റെ നാമം കൊണ്ടാരംഭിക്കുന്ന സമ്പ്രദായം മുഹമ്മദ് നബിക്കു മുമ്പുണ്ടായിരുന്ന പ്രവാചകന്മാരും പിന്തുടർന്നിരുന്നുവെന്ന് ഈ സൂക്തത്തിൽനിന്ന് വ്യക്തമാകുന്നു. നബി(സ) ആദ്യനാളുകളിൽ 'ബിസ്മികല്ലാഹുമ്മ' എന്ന വാക്കാണുപയോഗിച്ചിരുന്നതെന്നും ഈ സൂക്തം അവതരിച്ചതുമുതലാണ് ബിസ്മില്ലാഹിർറഹ്മാനിർറഹീം എന്നുപയോഗിച്ചുതുടങ്ങിയതെന്നും അബൂദാവൂദ്, ഇബ്നു അബീഹാതിം തുടങ്ങിയ ഹദീസ് പണ്ഡിതന്മാർ നിവേദനം ചെയ്തിരിക്കുന്നു. ആദ്യമായി 'ബിസ്മില്ലാഹിർറഹ്മാനിർറഹീം' എന്ന് ഉപയോഗിച്ചുതുടങ്ങിയത് സുലൈമാൻ നബിയാണെന്നും ചില പണ്ഡിതന്മാർ പറയുന്നുണ്ട്. ■